## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2122

26.03.2013- ലെ മറുപടിക്ക്

### പ്രകാശ് ബക്ഷി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) പ്രകാശ് ബക്ഷി റിപ്പോർട്ട് സർക്കാരിനു ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബക്ഷി കമ്മിറ്റി, റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത് ഭാരതീയ റിസർവ്വ് ബാങ്ക് മുമ്പാകെയാണ്. |
| ബി) പ്രകാശ് ബക്ഷി റിപ്പോർട്ടിൽ സഹകരണ മേഖലയെ സംബന്ധിച്ച പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; | (ബി) പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിൽ സഹകരണ മേഖലയെ സംബന്ധിച്ച പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കുകളുടെ ബിസിനസ്സ് കറസ്പോണ്ടന്റൻസായി പ്രവർത്തിക്കണം.<br>2. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലെ അംഗങ്ങൾ ജില്ലാ സഹകരണ ബാങ്കുകളിൽ അംഗത്വം എടുക്കണം. പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിലെ എല്ലാ നിക്ഷേപകരും ജില്ലാ സഹകരണ ബാങ്കുകളിൽ വോട്ടവകാശം ഉള്ള അംഗത്വം എടുക്കണം.<br>3. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കുകൾക്ക് വേണ്ടി നിക്ഷേപ വായ്പാ ഇടപാടുകൾ നടത്തുകയും, ഇതിലേയ്ക്കായി ഏജൻസി ഫീസ് കൈപ്പറ്റാവുന്നതുമാണ്.<br>4. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ സർക്കാർ ഓഹരി മൂലധനം ജില്ലാ സഹകരണ ബാങ്കുകളിലേയ്ക്ക് മാറ്റണം.<br>5. ജില്ലാ സഹകരണ ബാങ്കുകൾ 31.03.2013 നകം 4 ശതമാനം മൂലധന പര്യാപ്തത (CRAR) കൈവരിക്കണം. ഇക്കാര്യത്തിൽ വീഴ്ച |

വരുത്തുന്ന ജില്ലാ സഹകരണ ബാങ്കുകൾക്കെതിരെ റിസർവ്വ് ബാങ്ക് നടപടി സ്വീകരിക്കണം.

6. ജില്ലാ സഹകരണ ബാങ്കുകൾ 2014-15 ൽ 7 ശതമാനം മൂലധന പര്യാപ്തതയും 2016-17 ൽ 9 ശതമാനം മൂലധന പര്യാപ്തതയും കൈവരിക്കണം.

7. മാനദണ്ഡങ്ങൾ കൈവരിക്കാൻ കഴിയാത്ത ജില്ലാ സഹകരണ ബാങ്കുകളെ മറ്റ് ജില്ലാ സഹകരണ ബാങ്കുകളുമായി സംയോജിപ്പിക്കണം.

8. സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്കുകളിലെ ഭരണ സമിതിയുടെ 5 വർഷ ഭരണ കാലാവധിക്കുള്ളിൽ ബാങ്ക് ഏതെങ്കിലും 3 വർഷം നഷ്ടം വരുത്തുകയാണെങ്കിൽ, ടി ഭരണ സമിതിയിലെ അംഗം, അടുത്ത 5 വർഷത്തേക്ക് ഏതെങ്കിലും സംസ്ഥാന സഹകരണ ബാങ്കിലോ ജില്ലാ സഹകരണ ബാങ്കുകളിലോ ഭരണ സമിതിയിലേയ്ക്ക് മത്സരിക്കാൻ പാടില്ല.

9. സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്ക് എന്നിവയുടെ സ്റ്റാറ്റ്യൂട്ടറി ആഡിറ്റർമാരുടെ പാനൽ റിസർവ്വ് ബാങ്കോ, റിസർവ്വ് ബാങ്ക് അധികാരപ്പെടുത്തുന്ന ഏജൻസിയോ നിശ്ചയി ക്കണം.

10. ഷെയർ ലിങ്കേജ്, നിക്ഷേപം നടത്തുക, ഡിവിഡന്റ് നൽകുക എന്ന കാര്യങ്ങളിൽ ബാങ്കുകൾക്ക് സ്വന്തമായി തീരുമാനം കൈക്കൊള്ളാൻ കഴിയുന്ന വ്യവസ്ഥ സംസ്ഥാന സഹകരണ നിയമങ്ങളിൽ ഉൾപ്പെടുത്തണം.

11. സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകൾക്ക് ആർ.റ്റി.ജി.എസ്., എൻ.ഇ.എഫ്.റ്റി, എ.റ്റി.എം. സംവിധാനങ്ങൾ ഏർപ്പെടുത്താനുള്ള അന്തിമ തീയതി 30.09.2013 ആയി നിശ്ചയിക്കണം.

12. സഹകരണ ബാങ്കുകൾക്കായി പ്രത്യേക ഓംബുഡ്സ്മാൻ റിസർവ്വ് ബാങ്ക്/നബാർഡ് രൂപീകരിക്കണം.

| | |
|---|---|
| സി) പ്രകാശ് ബക്ഷി റിപ്പോർട്ട് സംസ്ഥാനത്തെ സഹകരണ മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | (സി) പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ട് സംസ്ഥാനത്ത് നടപ്പിലാക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ